LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ മാലിന്യമുക്തമാക്കുന്നതിന് പദ്ധതി

89 [807] ശ്രീ. പി. നാരായണൻ:
" മാങ്കോട് രാധാകൃഷ്ണൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും സംസ്ഥാനത്തെ മുക്തമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ഡി) എങ്കിൽ ആ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. മാലിന്യമുക്തമായ കേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ ക്ലീൻ കേരള പ്രോജക്ട് എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി 30 മൈക്രോണിൽ താഴെ കട്ടിവരുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിർമ്മാണം, സംഭരണം, വിൽപ്പന, വിനിയോഗം, കടത്തിക്കൊണ്ടുപോകൽ ഇവ നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) 1-9-2003-ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 264/2003/തസ്വഭവ. യുടെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. †

പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയ തദ്ദേശ ഭരണ സ്ഥാപനങ്ങൾ

90 [808] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഏതെല്ലാം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിരോധനം നടപ്പിലാക്കി വരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളെ സഹായിക്കുന്നതിന് പ്ലാസ്റ്റിക് കവർ, ഗ്ലാസ് തുടങ്ങിയ ഉല്പന്നങ്ങൾക്ക് പകരമായി പരിസ്ഥിതിക്ക് ദോഷകരമല്ലാത്തതും ജനങ്ങൾക്ക് ഉപകാരപ്രദവുമായ ബദൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്താൻ വേണ്ട നടപടികൾ ഖാദി ബോർഡിനെയോ മറ്റോ സഹകരിപ്പിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.